എം.സി.എ നാസർ

# ഫലസ്ത്വീൻ

## അവസാനിക്കാത്ത പീഡനപർവം

**ഇരകൾക്കുമേൽ** ക്രൂരതകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുക സയണിസത്തിന്റെ പൊതുരീതിയാണ്. ഫലസ്ത്വീൻ ജനത നിന്ദയുടെയും പീഡനത്തിന്റെയും ആറു പതിറ്റാണ്ടുകളാണ് പിന്നിടുന്നത്. ഫലസ്ത്വീൻ ജനതക്കിടയിലെ ഐക്യം തകർക്കുന്നതോടൊപ്പം മേഖലയിൽ അശാന്തി നിലനിർത്തേണ്ടതും യാങ്കി-സയണിസ്റ്റ് കൂട്ടുകെട്ടിന്റെ ലക്ഷ്യമാണ്. നേരിയ പ്രതീക്ഷകൾ തളിരിടേണ്ട താമസം അത് സൈനികമായി തന്നെ അമർച്ച ചെയ്യാനുള്ള വെമ്പൽ കാണാം. ഇപ്പോൾ ഫലസ്ത്വീനിൽ തുടരുന്ന പുതിയ കുരുതികളുടെ അടിസ്ഥാന പശ്ചാത്തലവും ഇതുതന്നെയാണ്. മക്കയുടെ പവിത്ര മണ്ണിൽ ഫെബ്രുവരി രണ്ടാം വാരം ഹമാസ്-ഫതഹ് വിഭാഗങ്ങൾ ചേർന്ന് രൂപപ്പെടുത്തിയ കരാറും അതിന്റെ തുടർ നടപടിയെന്നോണം പിറവി കൊണ്ട ഐക്യ സർക്കാറും ഫലസ്ത്വീൻ പോരാട്ട ചരിത്രത്തിലെ ദീപ്തമായ വഴിത്തിരിവായിരുന്നു. ആഭ്യന്തര കാലുഷ്യത്തിലൂടെ ഇരകൾ ലക്ഷ്യം മറക്കുന്നത് സ്വപ്നം കണ്ടവർ നിരവധി. പുതിയ കൂട്ടായ്മയുടെ രാഷ്ട്രീയം അവർക്ക് ഒട്ടും ദഹിച്ചില്ല. എന്തു വിലകൊടുത്തും ഐക്യം തകർക്കാനായി പിന്നീടുള്ള നീക്കം. യാങ്കിയും സയണിസ്റ്റ് രാഷ്ട്രവും ചേർന്ന് ഇതിനായി പദ്ധതികളുണ്ടാക്കി. ഫതഹ് വിഭാഗത്തെ കൂടെ നിർത്തി ഹമാസിനെ ഒറ്റപ്പെടുത്തുകയായിരുന്നു ഇത്തവണ ആവിഷ്കരിച്ച ചതുരുപായങ്ങളിൽ പ്രധാനം. ഹമാസിനോട് മാത്രമാണ് തങ്ങളുടെ എതിർപ്പെന്ന് പരസ്യ പ്രഖ്യാപനം വരെയുണ്ടായി. ഹമാസ് പ്രതിരോധ വിഭാഗത്തിന്റെ കരുനീക്കങ്ങൾ ശത്രുവിന് ചിലർ ചോർത്തിക്കൊടുത്തു. ഒന്നിച്ചുനിന്നവരിൽ ഒരു വിഭാഗം പൊടുന്നനെ ലക്ഷ്യം മറന്നു. മെയ് മാസത്തിൽ ഇതിന്റെ നിർലജ്ജത ബോധ്യമായി. ഇരുപക്ഷത്തും പോരാളികൾ വധിക്കപ്പെട്ടു. അറബ് ലീഗും ജി.സി.സി നേതൃത്വവും ഇടപെട്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമ്പോഴേക്കാണ് ഇസ്രയേലിന്റെ വ്യോമാക്രമണം ആരംഭിക്കുന്നത്. ഹമാസ് പോരാളികളെ വകവരുത്തുകയെന്ന ന്യായം പറഞ്ഞാണ് കൂടുതൽ വന്യമായ ആക്രമണങ്ങൾക്ക് ജൂതസൈന്യം കോപ്പു കൂട്ടിയത്. ഹമാസ് സൈനികവിഭാഗം പരിമിതമായ വിഭവങ്ങളുമായി ശത്രുവിന്റെ കുതന്ത്രങ്ങളോട് എതിരിടുകയാണ്. ശത്രുവിന്റെ ആയുധങ്ങളാൽ ഇത്തവണയും ഇരകളാക്കപ്പെടുന്നതിൽ കൂടുതലും കുഞ്ഞുങ്ങളും വൃദ്ധരും സ്ത്രീകളും തന്നെ.

ഹമാസിനെ ദുർബലപ്പെടുത്തുകയെന്ന ഏക ലക്ഷ്യമാണ് ഇപ്പോഴത്തെ ആക്രമണത്തിനുള്ളത്. ഇസ്രയേൽ നേതൃത്വം അത് തുറന്നു പ്രഖ്യാപിക്കുകയും ചെയ്തു. റോക്കറ്റാക്രമണങ്ങളിലൂടെ പോരാളികളെ പരിഭ്രാന്തി കൊള്ളിക്കുന്നതിൽ ഒതുങ്ങിയില്ല കാര്യങ്ങൾ. കരസേനയുടെ കടന്നുകയറ്റവും ലക്ഷ്യമിടുന്നത് നിരപരാധികളുടെ ചോര തന്നെ. ഹമാസ് പ്രത്യേക സേനയുടെ പത്ത് ഔട്ട്പോസ്റ്റുകളാണ് ആക്രമണങ്ങളിൽ ആദ്യം തകർത്തത്. ജബലിയാ അഭയാർഥി ക്യാമ്പിലെ ഹമാസ് ആസ്ഥാനത്തിനു നേരെയും പിന്നീട് വ്യോമാക്രമണം നടന്നു. റഫയിലെ ഔട്ട്പോസ്റ്റും തകർക്കപ്പെട്ടു. 'ഫലസ്ത്വീൻ രാഷ്ട്രീയ ഭൂപടം തിരുത്താനുള്ള അന്താരാഷ്ട്ര പദ്ധതിയുടെ ഭാഗം തന്നെയാണിത്'-പുതിയ ആക്രമണത്തോട് ഫലസ്ത്വീൻ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യ പ്രതികരിച്ചത് ഇങ്ങനെ.വിദേശ ശക്തികളുടെ ധാർഷ്ട്യം കലർന്ന നീക്കങ്ങളോട് രാജിയാകാൻ തന്റെ സംഘടനയെ പ്രേരിപ്പിക്കുകയാണ് ഇതിന്റെ ആകത്തുകയെന്നും ഹനിയ്യ ചൂണ്ടിക്കാട്ടി. എന്നാൽ മാരകമായ തിരിച്ചടിക്ക് തങ്ങൾ ഒരുങ്ങുകയാണെന്ന മുന്നറിയിപ്പാണ് ഇസ്സുദ്ദീനുൽ ഖസ്സാം ബ്രിഗേഡ് വക്താവ് അബൂ ഉബൈദ നൽകിയത്. കഴിഞ്ഞ വർഷം ഹമാസ് പിടിയിലായ ശാലിത് എന്ന സൈനികനെ ഇനിയും കണ്ടെത്താൻ ജൂത സൈന്യത്തിന് കഴിഞ്ഞിട്ടില്ല. അയാളുടെ സുരക്ഷ കൂടി ഇസ്രയേൽ ഓർക്കുന്നതു നന്നെന്ന മുന്നറിയിപ്പ് നൽകാനും ഉബൈദ മറന്നില്ല.

എല്ലാറ്റിനോടും സൈനികമായി പ്രതികരിക്കുകയെന്നത് ഷാരോൺ ഇസ്രയേലിന് സമ്മാനിച്ച രീതിയാണ്. അര നൂറ്റാണ്ടിലേറെയായി ഫലസ്ത്വീൻ ജനതയെ തടവിലാക്കി തങ്ങളുടെ അധീശത്വം അടിച്ചേൽപിക്കുകയായിരുന്നു ജൂത ഭരണകൂടം. ഫലസ്ത്വീൻ ജനതയോടുള്ള വെറുപ്പ് ഓരോ നീക്കത്തിലും ചുരമാന്തുന്നു. ഗസ്സയിൽ ഇപ്പോൾ നടന്നുവരുന്ന പുതിയ ആക്രമണങ്ങളിൽ ഇത് കൂടുതൽ പ്രകടം. 'പ്രധാന ഹമാസ് തീവ്രവാദികളാണ് ഞങ്ങളുടെ ലക്ഷ്യം' എന്നും 'ഹമാസിന്റെ അടിസ്ഥാന സൗകര്യങ്ങൾ' ആണ് ഉന്നമെന്നും ഇസ്രയേൽ നേതൃത്വത്തെ ഉദ്ധരിച്ച് യാതൊരുളുപ്പുമില്ലാതെ 'നിഷ്പക്ഷ' മാധ്യമങ്ങൾ പോലും വിളംബരപ്പെടുത്തുകയാണ്. ഇസ്രയേലിന്റെ എഫ്-16 യുദ്ധവിമാനങ്ങൾക്ക് ഇവർ കൃത്യമായ ലക്ഷ്യം അതോടെ നിർണയിച്ചുകൊടുക്കുകയായിരുന്നു. സാധാരണക്കാർ സഞ്ചരിച്ച കാറുകൾക്കുമേൽ നടന്ന മിസൈൽ ആക്രമണവും തീവ്രവാദി വേട്ടയുടെ ധീരനടപടിയായി വാഴ്ത്തപ്പെട്ടു.

### ഇരകളുടെ ഐക്യം തകർക്കൽ ലക്ഷ്യം

ഐക്യ സർക്കാർ നിലവിൽവന്നപ്പോൾതന്നെ ഉറപ്പായിരുന്നു; ശത്രു വെറുതെയിരിക്കില്ലെന്ന്. ആദ്യം നിസ്സംഗ പ്രതികരണമായിരുന്നു യാങ്കിയുടേത്. അധികം വൈകാതെ ചുവടു മാറ്റി. ഫതഹിനോട് ആഭിമുഖ്യം പുലർത്തി ഹമാസിനെ ഒതുക്കാനായി നീക്കം. ചർച്ചയും നയതന്ത്രബന്ധവും ഫതഹുമായി മാത്രം മതിയെന്ന തിട്ടൂരം വൻശക്തി രാഷ്ട്രങ്ങൾ

ക്ക് നൽകാനും അമേരിക്ക മുന്നിലുണ്ട്.
ഹമാസ് മന്ത്രിമാരെ വല്ലാതെ അടുപ്പിക്ക
രുതെന്ന് അറബ് ലോകത്തോട് വരെ പ
റയാൻ കോണ്ടലീസക്കും ഡിക്ചെനിക്കും
മടിയുണ്ടായില്ല. തെരഞ്ഞെടുക്കപ്പെട്ടവരെ
ഒറ്റപ്പെടുത്തുന്നതിലെ വൈരുധ്യം ഒരു ഭാ
ഗത്ത്. മറുഭാഗത്ത് പ്രലോഭനങ്ങളുടെ വി
ത്തുപാകൽ. ഫതഹ് വിഭാഗത്തെ
ഇസ്രയേലും അമേരിക്കയും പരസ്യമായി
പിന്തുണക്കാനും തയാറായി. ഒപ്പം മില്യ
ൻ ഡോളറിന്റെ സാന്ത്വനവും. തട
ഞ്ഞുവെച്ച അന്താരാഷ്ട്ര ഫണ്ടുകൾ പി.
എൽ.ഒ മുഖേന ലഭ്യമാക്കാൻ അമേരി
ക്ക ചെറിയ നീക്കമാരംഭിച്ചു. 2006 മാർ
ച്ചിൽ ഹമാസ് അധികാരത്തിൽ വന്ന
തോടെ ഏർപ്പെടുത്തിയ വിലക്കാണിത്.
സർക്കാർ ജീവനക്കാരുടെ ശമ്പളം മുട
ക്കി ഹമാസ് സർക്കാറിനെ അട്ടിമറിക്കു
കയായിരുന്നു ലക്ഷ്യം. ഫലസ്തീൻ ധ
നമന്ത്രി സലാം ഫയ്യാദിന് അക്കൗണ്ട് നി
യന്ത്രണം നൽകുമെന്ന വ്യവസ്ഥയിലാ
ണ് ഫണ്ട് കൈമാറ്റം.

ഐക്യ സർക്കാർ പിറക്കുംമുമ്പ് വ
ന്ന വാർത്ത പലരെയും അത്ഭുതപ്പെടു
ത്തി. ഈജിപ്തിൽനിന്ന് 500 ഫതഹ് പോ
രാളികളെ അതിർത്തി കടക്കാൻ ഇസ്ര
യേൽ രഹസ്യമായി സഹായിച്ചുവെന്നാ
യിരുന്നു റിപ്പോർട്ട്. ഉദാരതയും സ്നേ
ഹപ്രകടനവുമൊന്നുമായിരുന്നില്ല ഇതി
ന്റെ പിന്നിൽ. ഗസ്സയിൽ ഹമാസ് പങ്കാളി
ത്ത സർക്കാറിനെ അട്ടിമറിക്കുകയും ആ
ഭ്യന്തരസംഘർഷം ശക്തമാക്കുകയുമായി
രുന്നു അന്നത്തെ ലക്ഷ്യം. എന്നാൽ ഹ
മാസും ഫതഹും ഐക്യസർക്കാറിന്
കൈകോർത്തതോടെ ലക്ഷ്യം പാളി.

എന്നാൽ ഐക്യം തകർക്കാൻ ഇ
പ്പോൾ നടത്തിവരുന്ന ആക്രമണങ്ങൾ വ
ഴി സാധിക്കുമെന്ന കണക്കുകൂട്ടലിലാണ്
ഇസ്രയേൽ. അരാജകത്വം നിറഞ്ഞ ചു
റ്റുപാടിൽ അക്രമവും ക്രൂരതയും അര
ങ്ങുതകർക്കവെ, കൂട്ടിക്കൊടുപ്പുകാരുമാ
യി അനുരഞ്ജനത്തിലെത്താൻ വിവിധ
വംശീയ മത ഘടകങ്ങൾ തയാറാകുമെ
ന്നാണ് യു.എസ്-ഇസ്രയേൽ ധാരണ. ഇ
റാഖിൽ അമേരിക്ക നടപ്പാക്കാൻ ആഗ്ര
ഹിക്കുന്നതും ഇതാണ്. ഇതിനിടയിൽ ഒ
രു ജനത എന്ന നിലക്ക് ഫലസ്തീൻ
സമൂഹം നേരിടുന്ന അപമാനവും ദുരി
തങ്ങളും ആർക്കും പ്രശ്നമാകുന്നില്ല. റാ
മല്ലയിലെ ഫലസ്തീൻ പൗരൻ ഉമർ ജാ
ബ്‌രി അൽ ശറഫ് *ഗാർഡിയൻ* പത്രത്തി
ന് അയച്ചുകൊടുത്ത കത്തിൽ ലോക
ത്തെ ഏറ്റവും നിസ്സഹായാവസ്ഥയിലേ
ക്ക് വലിച്ചെറിയപ്പെട്ട ഒരു ജനതയുടെ മു
ഴുവൻ നൊമ്പരങ്ങളും അലയടിക്കുന്നു
ണ്ട്. അയാൾ കുറിക്കുന്നു: ' ഗസ്സ അ
ന്താരാഷ്ട്ര സമൂഹത്തിന്റെ പിന്തു
ണയോടെയുള്ള ഇസ്രയേൽ ലബോറട്ടറി
യായി മാറിയിട്ട് കാലം കുറച്ചായി. ഇവിടെ
മനുഷ്യരില്ല. എലികളെ പോലെ പരീക്ഷ
ണവസ്തുക്കളാകാൻ വിധിക്കപ്പെട്ട ഒരു
കൂട്ടം മാത്രം. സാമ്പത്തിക ശ്വാസംമുട്ടി
ക്കലിന്റെയും പട്ടിണിയുടെയും ഏറ്റവും
വൃത്തികെട്ട നടപടികളുടെ ഇരകളായി മാ
റിയിരിക്കുകയാണ് ഞാനും എന്റെ ജന
തയും'. ഫലസ്തീനിൽ പട്ടിണിയുടെ വ്യാ
പ്തി വർധിച്ചിരിക്കുന്നു. ഇസ്രയേൽ
ആക്രമണത്തിൽ പരിക്കേറ്റ ആയിരങ്ങൾ
ക്ക് സാമാന്യ ചികിത്സ പോലും നിഷേ
ധിക്കപ്പെടുന്നു. കൂടുതൽ ദുരന്തങ്ങൾക്ക്
കാതോർത്ത് കഴിയേണ്ട ഗതികേടുമുണ്ട്.
തീവ്രവാദികൾ എന്ന പേരിൽ ബോംബ്
വർഷത്തിൽ അഭിരമിക്കുകയാണ് ഒൽമെ
ർട്ടിന്റെ രാജ്യം. കുട്ടികളും സത്രീകളും ഉ
ൾപ്പെടെ ഉറങ്ങിക്കൊണ്ടിരുന്ന കുടുംബ
ത്തിലെ 18 പേരെയാണ് കഴിഞ്ഞ ദിവ
സം 500 ഐ.ബി അമേരിക്കൻ നിർമിത
ബോംബ് വർഷിച്ച് കൊന്നൊടുക്കിയത്.
ഒരു കാര്യത്തിലുമില്ല നേരും നെറിയും.
ബ്രിട്ടീഷ് മെഡിക്കൽ ജേർണൽ കൊല്ല
പ്പെട്ട 621 ഫലസ്തീൻ കുട്ടികളുടെ ദുര
ന്ത ജീവിതത്തിലൂടെ നടത്തിയ യാത്ര സ
ങ്കടകരമായിരുന്നു. ഇവരിൽ ഭൂരിഭാഗവും
സ്കൂളിലേക്കുള്ള വഴിമധ്യേ ചെക്ക് പോ
യിന്റുകളിലും വീട്ടുമുറ്റങ്ങളിലും വെച്ചാ
ണ് വധിക്കപ്പെട്ടത്. ആംനസ്റ്റിയുടെ ഏറ്റ
വും പുതിയ റിപ്പോർട്ടും പുറത്തുവന്നു
കഴിഞ്ഞു. ഇസ്രയേൽ ക്രൂരതയുടെ മറ്റൊ
രു അനുഭവസാക്ഷ്യം. കുട്ടികളും സ്ത്രീ
കളും മാത്രമല്ല കൊല്ലപ്പെടുന്ന ഫലസ്
തീൻ യുവതയുടെ സ്ഥിതിയും ഭിന്നമ
ല്ല. 120 കുട്ടികൾ ഉൾപ്പെടെ 650 ഫലസ്
തീൻകാരാണ് കഴിഞ്ഞ വർഷം മാത്രം
കൊല്ലപ്പെട്ടത്. ഇതിൽ ഭൂരിഭാഗവും സം
ഘടനാബന്ധം പോലുമില്ലാത്ത സാധാ
രണക്കാർ.

ഇസ്രയേൽ മന്ത്രിസഭക്കു മുമ്പാകെ
യെഹൂദ് ഒൽമെർട്ട് നടത്തിയ പ്രഖ്യാപ
നത്തിലുമുണ്ട് ധിക്കാരത്തിന്റെയും ക്രൂര
തയുടെയും വൃത്തികെട്ട സ്വരം. ദീർഘ
കാല ഏറ്റുമുട്ടലിന് ഒരുങ്ങാൻ സമയ
മായെന്നാണ് ഒൽമെർട്ടിന്റെ മുന്നറിയിപ്പ്.
ഹമാസ് വെടിനിർത്തലിന് തയാറായാൽ
പോലും അനുവദിക്കില്ലെന്ന പ്രഖ്യാപന
വും. ഹമാസും ഉറച്ചുതന്നെയാണ്. വെ
സ്റ്റ്ബാങ്ക് കൂടി ഉൾപ്പെടുന്ന വിശാലമായ
ഫലസ്തീൻ പ്രദേശത്താണ് വെടിനിർത്ത
ൽ വേണ്ടതെന്നാണ് ഹമാസ് പക്ഷം. ഹ
മാസിനെ എന്തു വിലകൊടുത്തും ദുർ
ബലപ്പെടുത്തുകയാണ് തങ്ങളുടെ ല
ക്ഷ്യമെന്ന് ഒൽമെർട്ടും വ്യക്തമാക്കുന്നു.
അല്ലെങ്കിൽ തന്നെ വെടിനിർത്തൽ പ്രഖ്യാ
പനങ്ങളിലൊന്നും കാര്യമില്ലെന്ന് പലവു
രു തെളിഞ്ഞതാണ്. മെയ് ഇരുപതിന്റെ
ആക്രമണം വെടിനിർത്തൽ ലംഘിച്ചുവെ
ന്നതിന്റെ പേരിലായിരുന്നല്ലോ. ഒമ്പത് ഫ
ലസ്തീൻകാരെയാണ് ആ രാത്രിയിൽ ജൂ
തസൈന്യം വകവരുത്തിയത്.

### മാധ്യമങ്ങൾ ആരുടെ പക്ഷത്ത്?

രാഷ്ട്രീയ കേന്ദ്രങ്ങൾ മാത്രമല്ല കു
റ്റകരമായ മൗനം പാലിക്കുന്നത്. മർദിത
ജനതയോടുള്ള അകൽച്ചയും യാങ്കി-സ
യണിസ്റ്റ് കൂട്ടായ്മയോടുള്ള അനുരാഗവും
മാധ്യമലോകം ഇപ്പോഴും നിർലജ്ജം കൊ
ണ്ടുനടക്കുന്നതായി ഫലസ്തീൻ റിപ്പോ
ർട്ടുകളിൽ കാണാം. അധിനിവേശ ശക്തി
കൾക്കൊപ്പം മാധ്യമ സാരഥികളും ഇര
കളുടെ കാര്യത്തിൽ അന്താരാഷ്ട്ര മര്യാ
ദകൾ ലംഘിക്കുകയാണ്. ഗസ്സയിൽനിന്ന്
ഇസ്രയേൽ അതിർത്തിയിൽ റോക്കറ്റ് ചെ
ന്നു പതിച്ചാലുടൻ പോർ വിമാനങ്ങൾ ഉ
യരുകയായി. ആക്രമണത്തിന് കാരണം
ഹമാസിന്റെ നടപടിയാണെന്ന് വരു
ത്തിത്തീർക്കാൻ ഒൽമെർട്ടിനേക്കാൾ മത്സ
രിക്കുന്ന മാധ്യമങ്ങളെ നാം കാണുന്നു.
അന്താരാഷ്ട്ര നിയമപ്രകാരം അധിനിവി
ഷ്ട രാജ്യത്തെ ജനതക്ക് പ്രതിരോധം നി
യമാവകാശമാണ്. പക്ഷേ, ഒരിക്കൽപോ
ലും ഇക്കാര്യം ആരും ഉയർത്തിക്കാട്ടാറി
ല്ല. സ്വാഭാവികവും ന്യായവുമായ പ്ര
തിരോധത്തെ പോലും 'ഭീകരർ' എന്ന
സംജ്ഞയിലേക്ക് താഴ്ത്തിക്കെട്ടുകയാണ്.
'അവസാനിക്കാത്ത യുദ്ധം' (endless war)
എന്നു തുടങ്ങുന്ന സംജ്ഞകളിൽ പൊ
തിഞ്ഞുവെച്ചിരിക്കുന്നതും ഇരകളോടുള്ള
വെറുപ്പു തന്നെ. ലോകത്തെ പ്രബല
സൈനികശക്തിക്കെതിരെ ഒന്നുമില്ലായ്മ
യിൽനിന്ന് ഇരകൾ നടത്തുന്ന നേർത്ത
പ്രതിരോധം മാത്രമാണ് ഫലസ്തീനിൽ
കാണുന്നത്. ക്ലസ്റ്റർ ബോംബുകൾ പോ
ലും ഇരകൾക്കെതിരെ നിർബാധം ഉ
പയോഗിക്കുന്നു. എല്ലാ അർഥത്തിലും നി
സ്സഹായരാക്കപ്പെട്ട ഫലസ്തീൻ ജനത
യുടെ ദുരിതപർവം തൊടാതെ അവരുടെ
ദുർബലമായ പ്രതിരോധമാണ് വിദേശ മാ
ധ്യമപ്രവർത്തകരിൽ പലരെയും വിറളിപി
ടിപ്പിക്കുന്നതെന്ന് എഡ്വേർഡ് സഈദ് മു
മ്പ് നിരീക്ഷിച്ചത് സത്യം. ഏകപക്ഷീയ
ആക്രമണമാണ് ഫലസ്തീനിൽ നടക്കു
ന്നത്. അതിനെ 'യുദ്ധം', 'ഏറ്റുമുട്ടൽ' തു
ടങ്ങിയ പദാവലികളിലേക്ക് എളുപ്പം ഇറ
ക്കിക്കിടത്തുന്നതിലുമുണ്ട് കൃത്യമായ ചി
ല വിരുതുകൾ. നിയമവിരുദ്ധ സൈനി
ക അധിനിവേശം മൂലം ഇരകളായത് ഫ
ലസ്തീനികൾ ആണെന്നു പോലും ഈ
മാധ്യമങ്ങൾ പറയാറില്ല. ഗ്ലാസ്കോ യൂ
നിവേഴ്സിറ്റി മീഡിയാ ഗ്രൂപ്പ് ടെലിവിഷ
ൻ പ്രേക്ഷർക്കു മുമ്പാകെ നടത്തിയ പഠ
നത്തിൽ ഇതിന്റെ നാറുന്ന വശം തെളി
യുകയും ചെയ്തു. വെറും 9 ശതമാനം
ടെലിവിഷൻ പ്രേക്ഷകർക്കാണത്രെ ഫല
സ്തീൻ ജനത ഇരകളാണെന്ന് ബോധ്യ
മുള്ളത്. ബാക്കിയെല്ലാവരും പറയുന്നത്
നിയമവിരുദ്ധ കുടിയേറ്റക്കാരും പ്രശ്നമു

ണ്ടാക്കുന്നവരും ഫലസ്ത്വീൻകാരാണെന്നായിരുന്നു! സമ്മിതിയുടെ നിർമിതിയെന്ന ചോംസ്കി വിലയിരുത്തൽ ഏറെ സംഗതമാകുന്നതും ഫലസ്ത്വീൻ പ്രശ്നത്തിൽ തന്നെ.

### ഇസ്രയേലിന്റേത് പുതിയ സൈനിക തന്ത്രം

ലബനാൻ യുദ്ധത്തിലേറ്റ തിരിച്ചടിക്കു ശേഷം ഇസ്രയേൽ ഫലസ്ത്വീൻ ജനതക്കു നേരെ നടത്തുന്ന ഏറ്റവും വലിയ സായുധനടപടി കൂടിയാണിത്. ലബനാൻ തോൽവി ഇസ്രയേൽ സൈനികർക്കിടയിൽ മാത്രമല്ല സാധാരണക്കാർക്കിടയിലും രോഷത്തിനിടയാക്കിയിരുന്നു. ലോകത്തെ നാലാമത്തെ ഏറ്റവും വലിയ സൈനികശക്തിയെന്നാണ് വെപ്പ്. പക്ഷേ, ഹിസ്ബുല്ലയെന്ന പോരാളി സംഘടനയോട് എതിരിട്ടു ജയിക്കാൻ ജൂത രാഷ്ട്രം ഇനിയും കാത്തിരിക്കേണ്ടിവരും. യാങ്കി സമ്മാനിക്കുന്ന നവീന ആയുധവും കണക്കറ്റ സമ്പത്തുമാണ് യുദ്ധം ജയിക്കാനുള്ള ഉപാധിയെങ്കിൽ ലബനാനിൽ ഹിസ്ബുല്ല തകർന്ന് തരിപ്പണമാകേണ്ടിയിരുന്നു. ലബനാൻ തിരിച്ചടിയുടെ കാരണങ്ങൾ കണ്ടെത്താൻ ഇസ്രയേൽ നിയോഗിച്ച വിനോഗ്രാഡ് സമിതിയുടെ റിപ്പോർട്ട് പുറത്തുവന്നിട്ട് അധികം ദിവസങ്ങളായില്ല. ഇസ്രയേൽ പ്രധാനമന്ത്രി, പ്രതിരോധമന്ത്രി, സൈനിക മേധാവി – ഈ മൂവർ സംഘത്തെയാണ് റിപ്പോർട്ട് പഴിചാരുന്നത്. 'തോൽവി'യാണ് ഇവർക്കെതിരെയുള്ള കുറ്റം. യുദ്ധം തോറ്റതിന്റെ ന്യായങ്ങളും റിപ്പോർട്ട് ഏതോ വലിയ കണ്ടെത്തൽ പോലെ നിരത്തുന്നുണ്ട്. ധൃതി പിടിച്ച യുദ്ധപ്രഖ്യാപനം, പ്രധാനമന്ത്രിയുടെ യാഥാർഥ്യബോധമില്ലായ്മ, വിശദമായ സൈനികാസൂത്രണത്തിന്റെ അഭാവം ഇതൊക്കെയാണത്രെ മുഖ്യ കാരണങ്ങൾ. റിപ്പോർട്ടിന്റെ ഒടുക്കമാണ് രസകരം: 'നം ഈ പാഠങ്ങളൊക്കെയും പഠിക്കണം. എന്നിട്ട് അടുത്ത യുദ്ധം ആരംഭിക്കും മുമ്പ് ഒട്ടും വൈകാതെ നമ്മുടെ പ്രകടനം മെച്ചപ്പെടുത്തണം.' രണ്ടാം ലബനാൻ യുദ്ധത്തിന്റെ വീഴ്ചകൾ മറികടക്കാൻ മൂന്നാം യുദ്ധത്തിന് തയാറെടുക്കാനുള്ള ആഹ്വാനം. ഒരുപക്ഷേ, ഇതിന്റെ സൈനികപരിശീലനവേദി കൂടിയായി ഗസ്സയും മറ്റും മാറുകയാണെന്ന് ഊഹിക്കുന്നതിലും തെറ്റില്ല. പശ്ചിമേഷ്യയെ കൂടുതൽ സംഘർഷപൂർണമായി നിലനിർത്തേണ്ടത് കൊളോണിയൽ ശക്തികളുടെ താൽപര്യമാണ്. ഒന്നൊഴിയുമ്പോൾ മറ്റൊന്ന് ഇവർ സൃഷ്ടിച്ചെടുക്കും. ഫലസ്ത്വീനിലും ലബനാനിലുമാണ് ഇത് കൂടുതൽ കാണുന്നതെന്നതും ശ്രദ്ധേയം.

### ലബനാനിൽ സംഭവിക്കുന്നത്

പശ്ചിമേഷ്യൻ മണ്ണിൽ ഇസ്രയേലിനെ കുടിയിരുത്താനുള്ള കൊളോണിയൽശക്തികളുടെ കുതന്ത്രം വിജയിച്ചപ്പോൾ അഭയാർഥികളാകാനായിരുന്നു ലക്ഷക്കണക്കിന് ഫലസ്ത്വീൻ ജനതയുടെ വിധി. നാടും വീടും ഉപേക്ഷിച്ച് അവർ പലായനം ചെയ്തു. ഏറ്റവും കൂടുതൽ പേർ ചെന്നെത്തിയത് ജോർദാനിലും ലബനാനിലും. ഇവിടെയും കാര്യങ്ങൾ കൈവിട്ടുപോവുകയാണ്. അന്താരാഷ്ട്ര സമൂഹത്തിന്റെയും അറബ് ലോകത്തിന്റെയും ഉദാരതയിൽ ജീവിച്ചുവന്ന അഭയാർഥി സമൂഹത്തിന്റെ സുരക്ഷ തന്നെ ഇപ്പോൾ ചോദ്യംചെയ്യപ്പെടുകയാണ്. ലബനാൻ സംഭവവികാസങ്ങൾ അതാണ് തെളിയിക്കുന്നത്. ബാങ്ക് കവർച്ചയുമായി ബന്ധപ്പെട്ട് ലബനാൻ പോലീസ് ട്രിപ്പോളിയിലെ ഫലസ്ത്വീൻ അഭയാർഥി ക്യാമ്പിൽ നടത്തിയ റെയ്ഡിനെ തുടർന്നാണ് സ്ഥിതിഗതികൾ വഷളായത്. ഒന്നേകാൽ ലക്ഷം ഡോളറാണ് കവർച്ചക്കാർ കൊണ്ടുപോയത്. 'ഫത്ഹുൽ ഇസ്‌ലാം' എന്ന സംഘടനയുടെ ആയുധ ധാരികളാണ് കവർച്ച നടത്തിയതെന്നാണ് പോലീസിന് കിട്ടിയ വിവരം. ഇവരെ അന്വേഷിച്ച് നഹ്‌റുൽ ബാരിദ് ക്യാമ്പിലെത്തിയ പോലീസുകാരെ അഭയാർഥിസമൂഹം തടഞ്ഞു. സംഘർഷം പൊട്ടിപ്പുറപ്പെടാൻ അധികനേരം വേണ്ടിവന്നില്ല. തൊട്ടടുത്ത തെരുവുകളിലേക്കും അക്രമം വ്യാപിക്കുകയായിരുന്നു. നിരവധി സാധാരണക്കാർ കുരുതി കൊടുക്കപ്പെട്ടു. സമീപത്തു കൂടി കടന്നുവന്ന സൈനിക യൂനിറ്റിനെതിരെയായി ജനങ്ങളുടെ രോഷം. നാലു സുരക്ഷാ സൈനികർ കൊല്ലപ്പെട്ടു. ലബനാനിൽ 12 ഫലസ്ത്വീൻ അഭയാർഥി ക്യാമ്പുകളിലായി ലക്ഷക്കണക്കിന് അഭയാർഥികളാണുള്ളത്.

ഹിസ്ബുല്ലയെ ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഇസ്രയേൽ നടത്തിയ യുദ്ധം നടന്ന് ഒരു വർഷം തികയാനിരിക്കെയാണ് അപ്രതീക്ഷിത സംഘർഷം. നഹ്‌റുൽ ബാരിദ് ക്യാമ്പിൽ 'ഫത്ഹുൽ ഇസ്‌ലാം' എന്ന തീവ്രവാദി സംഘടനക്ക് അൽഖാഇദ ബന്ധമുണ്ടെന്നാണ് ആരോപണം. സിറിയയെ പ്രതിചേർക്കാനും ആസൂത്രിതനീക്കം നടന്നു. 'ഫത്ഹുൽ ഇസ്‌ലാം' നേതാവ് തനിക്ക് അൽഖാഇദ ബന്ധമില്ലെന്ന് തീർത്തു പറയുന്നുണ്ട്. തന്റെ സൈനികരെ വിട്ടുകൊടുക്കില്ലെന്നും അയാൾ പറയുന്നു. സംഘർഷം കാരണം പതിനായിരക്കണക്കിന് അഭയാർഥികളാണ് ഇവിടെനിന്ന് ഒഴിച്ചുപോയത്.

സംഘടിത കുറ്റവാളികളെ തുരത്തുകയാണ് ലക്ഷ്യമെന്നാണ് ലബനാനിലെ സിനിയോറ സർക്കാറിന്റെ ഭാഷ്യം. സൈനിക പരിഹാരമല്ല ഇതിനു വേണ്ടതെന്ന് ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ലയും വ്യക്തമാക്കി. ബുഷും ഒൽമെർട്ടും ഹിസ്ബുല്ലയെ പ്രകോപിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ആഭ്യന്തര സംഘർഷത്തിൽ ഇടപെടാൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നും നസ്റുല്ല വ്യക്തമാക്കി. ആഭ്യന്തരയുദ്ധം ഒഴിവാക്കാനുള്ള ശ്രമങ്ങളും ഹിസ്ബുല്ല ആരംഭിച്ചിട്ടുണ്ട്. യുദ്ധമുഖത്ത് ഇസ്രയേൽ എന്ന ശത്രുവിനെ മുട്ടുകുത്തിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നാണ് ഹിസ്ബുല്ലയുടെ നിലപാട്. കഴിഞ്ഞ വർഷം നടന്ന ലബനാൻ യുദ്ധവും സയണിസ്റ്റ് ശക്തികളുടെ തിരിച്ചടിക്ക് വഴിയൊരുക്കുകയായിരുന്നു. സിറിയ പൂർണമായും അകന്നുനിൽക്കണമെന്നാണ് ഭരണകക്ഷിയുടെ വാദം. എന്നാൽ ലബനാൻ തങ്ങളുടെ ഭാഗമാണെന്നും കൊളോണിയൽ ശക്തികളാണ് അതിനെ മാറ്റിയതെന്നും വിശ്വസിക്കുന്നവരാണ് സിറിയക്കാരിൽ കൂടുതലും. സാമ്പത്തികമായും സൈനികമായും ലബനാൻ നിർണായകമാണെന്നും സിറിയ കരുതുന്നു. അതിനിടെ, തീവ്രവാദ പ്രവർത്തനങ്ങൾ അമർച്ച ചെയ്യാൻ 280 ദശലക്ഷം ഡോളർ നൽകണമെന്നാണ് അമേരിക്കയോടുള്ള ലബനാന്റെ അഭ്യർഥന. 'ഫത്ഹുൽ ഇസ്‌ലാം' ഗ്രൂപ്പിനെ ഒതുക്കാൻ നവീന ആയുധങ്ങളും ലബനാൻ തേടിയിട്ടുണ്ട്. മാരകശേഷിയുള്ള ആയുധങ്ങൾ പോലും അമേരിക്ക സിനിയോറ സർക്കാറിന് ദാനമായി നൽകാൻ തീരുമാനിച്ചുകഴിഞ്ഞു. ഹിസ്ബുല്ലയും സിറിയയുമാണ് ജൂത-യാങ്കി കൂട്ടുകെട്ടിന്റെ വിദൂരലക്ഷ്യം. അതു നേടാൻ 'നഹ്‌റുൽ ബാരിദും' 'ഫത്ഹുൽ ഇസ്‌ലാമും' തങ്ങളെ തുണക്കുമെന്നവർ സ്വപ്നം കാണുന്നു. ■